# STD - II

## അദ്ധ്യാപക സഹായി

## പാഠം - പതിനൊന്ന് ഈശോ ഉയിർത്തെഴുന്നേറ്റു ഭാഗം - ഒന്ന്

### ലക്ഷ്യം

നമ്മോടുള്ള സ്നേഹത്തിന്റെ ഫലമായ് ഈശോ ഉയിർത്തെഴുന്നേറ്റു. ഈശോ ഉയിർത്തെഴുന്നേറ്റ ദിവസമാണ് ഈസ്റ്റർ. ഈസ്റ്റർ തിരുനാളുകളുടെ തിരുനാളാണ്. നല്ലവരായി ജീവിച്ചുകൊണ്ട്, എന്റെ ജീവിതത്തിലും കർത്താവ് ഉയിർപ്പിന്റെ അനുഭവം നൽകുമെന്ന ബോധ്യത്തിൽ വളരും

### പഠനസഹായികൾ

* ഉയിർപ്പിന്റെ video - Youtube (Chosen series)
* വചനം - അപ്പോ. 2:32
* ഇടവക പള്ളിയിലെ ഈശോയുടെ ഉയിർപ്പിന്റെ ദൃശ്യാവിഷ്ക്കരണം - വീഡിയോ
* CCC - 638, 639 (ക്രിസ്തു മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു)

### പാഠത്തിന്റെ ഉള്ളടക്കം

* കുരിശു മരണത്തിനുശേഷം ഈശോ മൂന്നാം നാൾ ജയസന്തോഷത്തോടെ ഉയിർത്തെഴുന്നേറ്റു
* ഉയിർത്തെഴുന്നേറ്റ ഈശോ ശിഷ്യന്മാർക്ക് സമാധാനം ആശംസിച്ചുകൊണ്ട് അവരോടൊത്ത് ഭക്ഷണം കഴിച്ചു.
* ഈസ്റ്റർ - ഈശോ ഉയിർത്തെഴുന്നേറ്റ ദിവസം
* ഈസ്റ്റർ - എന്ന വാക്കിന്റെ അർത്ഥം - ഉയിർപ്പു തിരുനാൾ
* ഈസ്റ്റർ തിരുനാളുകളുടെ തിരുനാളാണ്
* നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമാണ് ഈശോയുടെ ഉയിർപ്പ്
* ഈശോ മരിച്ചതും ഉയിർത്തെഴുന്നേറ്റതും നമുക്കുവേണ്ടിയാണ്
* നല്ലവരായി ജീവിച്ചുകൊണ്ട് ഈശോയുടെ ഉയിർപ്പിന്റെ സന്തോഷത്തിൽ നമുക്കും ചേരാം. ദൈവം നമ്മെയും ഉയിർപ്പിക്കും.

### പ്രാർത്ഥന

സ്നേഹനിധിയായ ഈശോയേ, അങ്ങ് കർത്താവും ദൈവവുമാണെന്ന് ഞാൻ ഏറ്റുപറയുന്നു. അങ്ങയുടെ ഉയിർപ്പിന്റെ യോഗ്യതയാൽ, നല്ല ജീവിതം നയിച്ചുകൊണ്ട് എന്റെ വിശ്വാസം ഏറ്റുപറയാൻ എന്നെ പഠിപ്പിക്കണമേ. ആമേൻ.

## ചോദ്യങ്ങൾ

1. ഈസ്റ്റർ എന്ന പദത്തിന്റെ അർത്ഥമെന്താണ്?
2. ഉയിർത്തെഴുന്നേറ്റ ഈശോ, ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടുകൊണ്ട് പറഞ്ഞത് എന്ത്?
3. ഈശോ ഉയിർത്തെഴുന്നേറ്റ ദിവസത്തിന് പറയുന്ന പേര്?
4. ഈശോയുടെ ഉയിർപ്പിൽ നമുക്ക് എങ്ങനെ പങ്കാളികളാകാൻ കഴിയും?
5. തിരുനാളുകളുടെ തിരുനാൾ ഏതാണ്?

# STD - II

## അദ്ധ്യാപക സഹായി

## പാഠം - പതിനൊന്ന്     ഈശോ ഉയിർത്തെഴുന്നേറ്റു     ഭാഗം - രണ്ട്

### ലക്ഷ്യം

കല്ലറയിൽ നിന്നും ഉയിർത്തെഴുന്നേറ്റ, കർത്താവും ദൈവവുമായ ഈശോ ലോകത്തിന് ആനന്ദവും സന്തോഷവും നൽകുവാൻ തിരുമനസ്സായി. പരിശുദ്ധ കന്യകാമറിയം മുഖേന അങ്ങയുടെ ഉയിർപ്പിന്റെ ആനന്ദത്തിൽ പങ്കുചേരുവാൻ അങ്ങ് നൽകിയ രക്ഷയുടെ സന്ദേശം മറ്റുള്ളവരെ ഞങ്ങൾ അറിയിക്കും.

### പഠനസഹായികൾ

* ഉയിർപ്പിനുശേഷം ഈശോ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുന്ന വീഡിയോ - യൂട്യൂബ്
* ചാർട്ട് - പെസഹാക്കാല ത്രിസന്ധ്യാജപം എഴുതിയത്
* വീഡിയോ - പെസഹാക്കാല ത്രിസന്ധ്യാജപം ചൊല്ലുന്നത്
* ഈശോയുടെ അനുഗ്രഹത്താൽ ടീച്ചറിന് ലഭിച്ച കൃപയെക്കുറിച്ചുള്ള അനുഭവ സാക്ഷ്യം
* ചാർട്ട് - ഈസ്റ്ററുമായി ബന്ധപ്പെട്ട വാക്കുകൾ (നോമ്പ്, ദുഃഖവെള്ളി, പെസഹാവ്യാഴം, വിഭൂതി ബുധൻ, പുനരുത്ഥാനം, കുരിശ്, അല്ലേല്ലൂയ, ഈസ്റ്റർ ഞായർ, ഓശാന ഞായർ)

### പാഠത്തിന്റെ ഉള്ളടക്കം

* പെസഹാക്കാല ത്രിസന്ധ്യാജപം
* നമുക്കു പാടാം - ഉയിർത്തെണീറ്റ മനുഷ്യപുത്രൻ
* ഈസ്റ്ററുമായി ബന്ധപ്പെട്ട വാക്കുകൾ
* ഈശോയുടെ ഉയിർപ്പിന്റെ ആനന്ദത്തിൽ പങ്കുകാരാകുന്നു
* ഉയിർത്തെഴുന്നേറ്റ ഈശോയെക്കുറിച്ച് മറ്റുള്ളവരോട് പ്രഘോഷിക്കും

### പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ, എല്ലാ ദിവസവും ജീവിച്ചിരിക്കുന്നവർക്കും, മരിച്ചവർക്കും വേണ്ടി പ്രാർത്ഥിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ. അങ്ങു ഞങ്ങൾക്കു നൽകുന്ന അനുഗ്രഹങ്ങൾ എല്ലാവരേയും അറിയിക്കുവാനുള്ള കൃപ നൽകി ഞങ്ങളെ ശക്തിപ്പെടുത്തണമേ, ആമേൻ.

## ചോദ്യങ്ങൾ

1. പെസഹാക്കാല ത്രിസന്ധ്യാജപം ചൊല്ലുക
2. നമുക്കു പാടാം - ഉയിർത്തെണീറ്റ മനുഷ്യപുത്രൻ പാട്ടുപാടുക
3. ഈസ്റ്ററുമായി ബന്ധപ്പെട്ട മൂന്നു വാക്കുകൾ പറയുക.
4. ഈശോ എത്രാമത്തെ ദിവസമാണ് ഉയിർത്തെഴുന്നേറ്റത്?
5. ഉയിർത്തെഴുന്നേറ്റ ഈശോ നമ്മുടെ ആരെല്ലാമാണ്?